# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 945 — 29.09.2016 -ൽ മറുപടിക്ക്

## മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യബന്ധന തൊഴിലാളികൾക്കുനേരെ കോസ്റ്റ് ഗാർഡ് വെടിവെച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ബി) | 12.01.2015 ന് 4.00 മണിയോടെ ചെറിയതുറ ബീമാപള്ളി ഭാഗത്ത് വച്ച് രാജ്യ സുരക്ഷയുടെ ഭാഗമായുള്ള ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ പരിശോധനയ്ക്ക് വിധേയരാകാതെ മുന്നോട്ടുപോയ "ഋഷിക" എന്ന മത്സ്യബന്ധന ബോട്ടിനു നേരെ കോസ്റ്റ് ഗാർഡ് അഡ്വാൻസ് ഫയറിംഗ് നടത്തുകയുണ്ടായി. ബോട്ടിലുണ്ടായിരുന്ന 9 പേരിൽ 2 പേർക്ക് വെടിയേൽക്കുകയും ഇവരെ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും മറ്റ് 7 പേരെ കോസ്റ്റ്ഗാർഡ് ചോദ്യം ചെയ്ത ശേഷം വിഴിഞ്ഞം തീരദേശ പോലീസിനു കൈമാറുകയും ചെയ്തു. 13.01.2015 ന് ഉച്ചയ്ക്കുശേഷം 2.45 ന് ബോട്ടിലെ രേഖകൾ പരിശോധിക്കുന്നതിനും ബോട്ടിലെ മത്സ്യത്തിന്റെ കാര്യത്തിൽ നടപടി സ്വീകരിക്കുന്നതിനുമായി ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർ വിഴിഞ്ഞത്തിന് കൈമാറി പരസ്യലേലം നടത്തി തുക (40,100/- രൂപ) ട്രഷറിയിൽ അടയ്ക്കുകയും രജിസ്ട്രേഷനും ലൈസൻസും ഇല്ലാത്തതിനാൽ KMFR ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച്, 50,000/- രൂപ പിഴ ഈടാക്കി, ബോട്ട് വിട്ടു നൽകുകയും ചെയ്തു. |

| | | | |
|---|---|---|---|
| (സി) | മത്സ്യബന്ധന തൊഴിലാളികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | കടൽ രക്ഷാപ്രവർത്തനങ്ങൾക്കും പട്രോളിംഗിനുമായി യന്ത്രവത്കൃത ബോട്ടുകൾ വാടകയ്ക്കെടുത്ത് 5 ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് രക്ഷാപ്രവർത്തനങ്ങൾ നടത്തി വരുന്നു. രക്ഷാപ്രവർത്തനങ്ങൾക്കായി റസ്ക്യൂ ഗാർഡുമാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പോലീസ് സൂപ്രണ്ടും 60 പോലീസുകാരും ഉൾപ്പെട്ട മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗം 5 ഫിഷറീസ് സ്റ്റേഷനുകളിലും പ്രവർത്തിച്ചുവരുന്നു. ലൈഫ് ബോയ്, ബീക്കൺ ഉൾപ്പെടെയുള്ള സുരക്ഷാ കിറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് നൽകി വരുന്നു. തീരപ്രദേശങ്ങളിൽ രാജ്യ സുരക്ഷയുടെയും കടൽ സുരക്ഷയുടെയും ഭാഗമായി മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിലേർപ്പെടുമ്പോൾ സ്വീകരിക്കേണ്ട മുൻ കരുതലുകളെക്കുറിച്ചും, മത്സ്യബന്ധനത്തിന് പോകുമ്പോൾ കൈയ്യിൽ സൂക്ഷിക്കേണ്ട രേഖകളെക്കുറിച്ചും, ജീവൻരക്ഷാ ഉപകരണങ്ങൾ യാനങ്ങളിൽ സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതകളെക്കുറിച്ചും മത്സ്യത്തൊഴിലാളികളെ ബോധവൽക്കരിക്കുന്നതിനായി ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ